## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 578 - 19.03.2013-ലെ മറുപടിക്ക്**

### പദ്ധതി അടങ്കൽ ചെലവഴിച്ചത് സംബന്ധിച്ച്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി. കെ. ഗുരുദാസൻ** | **ശ്രീ. കെ. എം. മാണി**<br>(ധനകാര്യവും നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) നിയമസഭ പാസ്സാക്കിയ ധനസംബന്ധമായ ഉത്തരവാദിത്വ നിയമത്തിലെ വ്യവസ്ഥ പ്രകാരം 2011-12 മുതൽ 2014-15 വരെ ഓരോ വർഷവും റവന്യൂ കമ്മി എത്രവീതം ആയിരിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്; | ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) നിയമം 2011 പ്രകാരം 2011-12 മുതൽ 2014-15 വരെയുള്ള വർഷങ്ങളിൽ റവന്യൂകമ്മി യഥാക്രമം സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉൽപ്പാദനത്തിന്റെ 1.4 ശതമാനം, 0.9 ശതമാനം, 0.5 ശതമാനം, 0 ശതമാനം എന്നിങ്ങനെ ആയിരിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. |
| (ബി) 2011-12, 2012-13 എന്നീ വർഷങ്ങളിലെ റവന്യൂ കമ്മി എത്ര ശതമാനമാണ്; | 2011-12 വർഷത്തെ റവന്യൂ കമ്മി സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 2.55 ശതമാനമായിരുന്നു. 2012-13 വർഷത്തിൽ (പുതുക്കിയ എസ്റ്റിമേറ്റ്) ഇത് സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉൽപ്പാദനത്തിന്റെ 0.94 ശതമാനമായിരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (സി) 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിലെ ലോക്കൽ ബോഡീസിന്റേതുൾപ്പെടെ പദ്ധതി അടങ്കലിന്റെ എത്ര ശതമാനം വീതം യഥാർത്ഥത്തിൽ ചെലവഴിക്കുകയുണ്ടായി;<br>(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ളതുൾപ്പെടെ എന്ത് തുകയുടെ പദ്ധതി അടങ്കലായിരുന്നു 2011-12, 2012-13 വർഷങ്ങളിലെ ബഡ്ജറ്റിൽ ഉണ്ടായിരുന്നത്; യഥാർത്ഥത്തിൽ ചെലവായ തുക ഈ വർഷങ്ങളിൽ എത്രയായിരുന്നു; ബഡ്ജറ്റ് അടങ്കലിന്റെ എത്ര ശതമാനം ഈ വർഷങ്ങളിൽ ചെലവഴിക്കുകയുണ്ടായി; വ്യക്തമാക്കാമോ? | 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ളതുൾപ്പെടെ യഥാക്രമം 12010 കോടിയുടെയും 14010 കോടിയുടെയും പദ്ധതി അടങ്കലാണ് ഉണ്ടായിരുന്നത്. അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം ലോക്കൽ ബോഡീസിന്റേതുൾപ്പെടെ 2011-12-ൽ 11758.89 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് പദ്ധതി അടങ്കലിന്റെ 97.91 ശതമാനമാണ്. വകുപ്പുതല കണക്കസരിച്ച് നടപ്പു സാമ്പത്തിക വർഷത്തിൽ 28.02.2013 വരെ 7703.89 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് പദ്ധതി അടങ്കലിന്റെ 54.99 ശതമാനമാണ്. |

**സെക്ഷൻ ഓഫീസർ**